# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1569.

12-06-2019 ൽ മറുപടിയ്ക്ക്

## മാവേലിക്കരയിൽ തരിശുരഹിത കാർഷിക പദ്ധതി

**ചോദ്യം**

ശ്രീ.ആർ. രാജേഷ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഓണാട്ടുകരയിലെ നെൽകൃഷി അടക്കമുള്ള വിവിധ കാർഷിക മേഖലകൾക്കായി 2016-17 മുതൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | 2016-17 സാമ്പത്തിക വർഷം ഓണാട്ടുകര കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളും ആയതിനു ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) 2017-18 സാമ്പത്തിക വർഷം 12.5 ലക്ഷം രൂപയുടെ എള്ളുകൃഷി വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 16.44194 ലക്ഷം രൂപ ചെലവഴിച്ച് നെൽകൃഷി വികസനത്തിനായി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | മാവേലിക്കരയിൽ തരിശുരഹിത കാർഷിക പദ്ധതി നടപ്പിലാക്കുന്നതു-മായി ബന്ധപ്പെട്ട് സ്വീകരിച്ച | (ബി) | സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരവും ത്രിതല പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ചും സംസ്ഥാന സർക്കാർ നെൽ |

| ക്രമ നം | പദ്ധതി | ചെലവഴിച്ച തുക (ലക്ഷം രൂപ) |
|---|---|---|
| 1 | എള്ളുകൃഷി വികസനം | 81.6 |
| 2 | കിഴങ്ങുവർഗ്ഗകൃഷി വികസനം | 166.225 |
| 3 | പയർ കൃഷി വികസനം | 35.875 |
| 4 | വാഴകൃഷി വികസനം | 235.2375 |
| 5 | മഞ്ഞൾകൃഷി വികസനം | 43.75 |
| 6 | ഇഞ്ചികൃഷി വികസനം | 32.1875 |
| 7 | വെറ്റിലകൃഷി വികസനം | 51 |
| 8 | പ്ലാവ് കൃഷി വികസനം | 9.27 |
| 9 | പപ്പായകൃഷി വികസനം | 2.38 |
| 10 | കുടമ്പുളികൃഷി വികസനം | 8.07837 |
| 11 | കുരുമുളകുകൃഷി വികസനം | 7.75 |
| 12 | തെങ്ങിന്റെ കീടരോഗ നിയന്ത്രണ പദ്ധതി | 701.585 |

| | | | |
|---|---|---|---|
| | നടപടികൾ വിശദമാക്കുമോ; | | വർഷം ആചരിച്ചതിന്റെ ഭാഗമായി മാവേലിക്കര ബ്ലോക്കിൽ 2017-18 സാമ്പത്തിക വർഷം 40.1 ഹെക്ടർ നിലത്തിലും 2018-19 സാമ്പത്തിക വർഷം 21.342 ഹെക്ടർ പുഞ്ചയിലും തരിശുനില കൃഷി വിജയകരമായി ചെയ്തു. നെൽ വിത്തിനുള്ള വിഹിതം അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നിലം കൃഷിയോഗ്യമാക്കൽ ഉല്പാദനോപാധികൾക്കുള്ള ധനസഹായം എന്നിവ കൃഷിവകുപ്പ് പദ്ധതിയിൽ നിന്നും നൽകി. കൂടാതെ പച്ചക്കറി വികസന പദ്ധതി, കിഴങ്ങുവർഗ്ഗ വികസന പദ്ധതി, എള്ള് കൃഷി വികസനം, കര നെൽ കൃഷി എന്നിവയ്ക്കായി 60 ഹെക്ടർ സ്ഥലം തൊഴിലുറപ്പപദ്ധതിയുടെ സഹകരണത്തോടെ തരിശുരഹിതമാക്കി കൃഷി ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുവാൻ കഴിഞ്ഞുവെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | മാവേലിക്കരയിൽ 2016-17 സാമ്പത്തിക വർഷം 8 ഹെക്ടർ നെല്ല് കൃഷി ചെയ്തു 2.4 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 ൽ അത് 40.1 ഹെക്ടറാക്കി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ആയതിനു 12.03 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ പ്രളയത്തിൽ ഒന്നാം വിള നശിച്ചിട്ട് പോലും5.6288 ലക്ഷം രൂപ ധനസഹായം നൽകിക്കൊണ്ട് 21.342 ഹെക്ടർ സ്ഥലത്ത് നെൽ കൃഷി ചെയ്തിട്ടുണ്ട്.<br>2017-18 സാമ്പത്തിക വർഷം 1.164 ലക്ഷം രൂപ സബ്സിഡി നൽകി 9.7 ഹെക്ടർ സ്ഥലത്തും 2018-19 സാമ്പത്തിക വർഷം 0.6 ലക്ഷം രൂപ ധനസഹായം നൽകി 5 ഹെക്ടർ സ്ഥലത്തും എള്ള് കൃഷി ചെയ്തിട്ടുണ്ട്.<br>2017-18 സാമ്പത്തിക വർഷം 1.00 ലക്ഷം രൂപയുടെ ആനുകൂല്യം നൽകി 5 ഹെക്ടർ സ്ഥലത്തും 2018-19 സാമ്പത്തിക വർഷം 6.00 ലക്ഷം രൂപയുടെ ആനുകൂല്യം നൽകി 30 ഹെക്ടർ സ്ഥലത്തും കിഴങ്ങുവർഗ്ഗകൃഷി ചെയ്തിട്ടുണ്ട്.<br>2017-18 സാമ്പത്തിക വർഷം 1.20 ലക്ഷം രൂപ സബ്സിഡി നൽകി 5 ഹെക്ടർ സ്ഥലത്തും 2018-19 സാമ്പത്തിക വർഷം 1.29 ലക്ഷം രൂപ ധനസഹായം നൽകി 4.3 ഹെക്ടർ സ്ഥലത്തും പച്ചക്കറികൃഷി ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**